പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3365 24.02.2016-ൽ മറുപടിക്ക്

വടക്കഞ്ചേരി ഫയർ&റെസ്ക്യൂ സ്റ്റേഷന് കെ.എസ്.ആർ.ടി.സി വക ഭൂമി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.കെ.ബാലൻ : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | വടക്കഞ്ചേരി ഫയർ & റെസ്ക്യൂ സ്റ്റേഷന് കെട്ടിടം പണിയുന്നതിന് വേണ്ടി കെ.എസ്.ആർ.ടി.സി. വടക്കഞ്ചേരി ഡിപ്പോയിൽ നിന്നും ഭൂമി അനുവദിച്ചിട്ടുണ്ടോ; എന്നാണ് കെ.എസ്.ആർ.ടി.സി. തീരുമാനമെടുത്തത്; ഭൂമി കൈമാറുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) | വടക്കഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി.യുടെ സ്ഥലത്ത് നിന്നും 50 സെന്റ് സ്ഥലം കെ.എസ്.ആർ.ടി.സി.യുടെ 20.12.2008-ലെ 347-ാമത് ഭരണ സമിതി തീരുമാനത്തിന്റെ (അജണ്ട ഇനം നം. 217/08) അടിസ്ഥാനത്തിൽ ഫയർ & റെസ്ക്യൂ സ്റ്റേഷന് കൈമാറുവാൻ തീരുമാനം എടുക്കുകയുണ്ടായി.<br>പ്രസ്തുത വസ്തു സർക്കാർ പുറംപോക്ക് ഭൂമി അല്ലാത്തതിനാൽ കേരള ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം റവന്യൂ വകുപ്പിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ കൈക്കൊണ്ടതിനു ശേഷം മാത്രമേ വകുപ്പ് തലത്തിൽ ഭൂമി കൈമാറ്റ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.<br>എത്രയും വേഗം ഭൂമി കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. |
| (ബി) | ഭൂമി കൈമാറുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പ് കെ.എസ്.ആർ.ടി.സി. യ്ക്ക് ഭൂമി സറണ്ടർ ചെയ്യുന്നതിനുള്ള അപേക്ഷകൾ നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | കേരള ഭൂമി വിട്ടൊഴിയൽ നിയമ പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമി ലാന്റ് റവന്യൂ വകുപ്പിലേക്ക് മാറ്റുന്നതിന് നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിനായി ലാന്റ് റിലിങ്ക്വിഷ്മെന്റ് ഫോറം ആലത്തൂർ തഹസിൽദാർ 04.08.2015-ൽ കെ.എസ്.ആർ.ടി.സിക്ക് അയച്ചു കൊടുക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി സ്ഥലം അളന്ന് വ്യക്തത വരുത്തി അന്തിമ റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | 16.12.2015-ൽ കെ.എസ്.ആർ.ടി.സി.ക്ക് ലഭ്യമാക്കുകയും സർക്കാർ നിശ്ചയിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഫയർ & റെസ്ക്യൂ സർവ്വീസിന് സ്ഥലം കൈമാറുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് 28.01.2016-ൽ ഗതാഗത വകുപ്പിന് കെ.എസ്.ആർ.ടി.സി യുടെ റിപ്പോർട്ട് ലഭിക്കുകയുണ്ടായി. ഗതാഗത വകുപ്പ് പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ഉന്നതതല ശുപാർശയോടെ ആവശ്യമായ ഉത്തരവ് ലഭ്യമാക്കുന്നതിലേക്കായി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| (സി) | ഭൂമി കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | (സി) | സ്ഥലം കൈമാറുന്നതിനുള്ള വ്യവസ്ഥകളും നിബന്ധനകളും അടങ്ങുന്ന ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലം കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ